ശ്രീ. കെ. നാരായണക്കുറുപ്പ്: തിരുവനന്തപുരം - കോഴിക്കോട് പറക്കൽ ആരംഭിച്ചാൽ കോട്ടയം പരിഗണനയിൽ എടുക്കുമെന്നു പറഞ്ഞിരുന്നു. അത് എടുക്കുകയും ചെയ്യും.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: പരീക്ഷണ പറക്കൽ നടത്തിയ പ്പോഴും ബഹുമാനപ്പെട്ട മന്ത്രി ആ വിമാനത്തിൽ പോകാത്തത് എന്തു കൊണ്ടാണ്?

ശ്രീ. കെ. നാരായണക്കുറുപ്പ്: പരീക്ഷിക്കുമ്പോഴും കയറാറില്ല. പരീക്ഷണം കഴിഞ്ഞേ കയറാറുള്ളു.

അടിമവേല സമ്പ്രദായം

*401 [425] ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്:

ശ്രീ. എം. കെ. കൃഷ്ണൻ:

ശ്രീ. ടി. കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ.സാമൂഹ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അടിമവേല സമ്പ്രദായം നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയൊക്കെയാണെന്നു വ്യക്തമാക്കുമോ;

(സി) എത്ര ആളുകൾ അടിമവേല സമ്പ്രദായമനുസരിച്ച് വേല ചെയ്യുന്നുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര പേർ;

(ഇ) ഈ സമ്പ്രദായം ഇല്ലായ്മ ചെയ്യുന്നതിനു ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(എഫ്) ഈ നടപടികളുടെ ഫലമായി അടിമവേല സമ്പ്രദായം ഇല്ലായ്മ ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ?

ഹരിജനക്ഷേമവും സാമൂഹ്യ വികസനവും വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) നിയമപ്രകാരം നിരുത്തൽ ചെയ്തിരിക്കുന്നു. ഇപ്പോഴുള്ളതായി അറിവില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) (1) വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചു.

(2) കൃഷിയുപകരണങ്ങളുടെ വിതരണം.

LIBRARY ARCHIVES Kerala Legislative Assembly

(3) മോചിതരായവരുടെ പുനരധിവാസം.

(4) മേച്ചിൽ ഗ്രാൻറു നൽകൽ.

(5) ആട്, കോഴി വിതരണം.

(6) കൃഷി ഗ്രാൻറ്.

(7) തുണി വിതരണം.

(എഫ്) ഉണ്ട്.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: അടിമവേല സമ്പ്രദായം നിറുത്തലാക്കിയതിനുശേഷവും ഇൻഡ്യയിലെ വിവിധ ഭാഗങ്ങളിലും കേരളത്തിലും അടിമവേല ഇപ്പോഴും നടക്കുന്നുണ്ടെന്ന് ഈയിടെയുണ്ടായ ഒരു സർവ്വേ റിപ്പോർട്ടിൽ വെളിപ്പെട്ടിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ ചോദ്യത്തിൽ 'ഇല്ല' എന്നു പറയുന്നതു ശരിയാണോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: 1975 ഒക്ടോബർ 25-ാം തീയതിയാണ് ഗവൺമെൻറ് ഓഫ് ഇൻഡ്യ ഈ ആക്ടറ് നടപ്പിൽ വരുത്തിയത്. ഈ ആക്ടറിൽ താഴെ പറയുന്ന വ്യവസ്ഥകളാണുള്ളത്.

(1) നിയമംകൊണ്ട് അടിമവേല സമ്പ്രദായം നിറുത്തലാക്കപ്പെടുകയും അടിമവേലയിൽ ഏർപ്പെട്ടിരുന്നവരെല്ലാം അവരുടെ സകല ബാദ്ധ്യതകളിൽനിന്നും മോചിതരാക്കപ്പെടുകയും ചെയ്തു.

(2) അടിമവേലയെ സംബന്ധിച്ചുള്ള എല്ലാ കരാറുകളും ബാദ്ധ്യതകളും ആചാരാനുഷ്ഠാനങ്ങളും റദ്ദാക്കപ്പെടുകയും ഒരു കോടതിയുടേയും മുമ്പിൽ ചോദ്യം ചെയ്യപ്പെടാത്തതാവുകയും ചെയ്തു.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: ആക്ടറിലെ കാര്യമാണ് പറയുന്നത്. പ്രായോഗികമായി എന്തു നടപടി സ്വീകരിച്ചു എന്നാണ് അറിയേണ്ടത്?

ശ്രീ. ദാമോദരൻ കാളാശ്ശേരി: സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ശക്തമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കുറവാളികളായ ആളുകളുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: ഇപ്പോഴും വയനാട്ടിൽ അടിമവേല നടക്കുന്നുണ്ടെന്നുള്ളതു ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ വസ്തുതകളും ശരിയായി ശ്രദ്ധയിൽപ്പെടുത്തുകയാണെങ്കിൽ ആവശ്യമായ നടപടികളും സ്വീകരിക്കാം.

ശ്രീ. ടി. കെ. അബ്ദു: അടിമവേല സമ്പ്രദായം നിരോധിക്കുന്ന അവസരത്തിൽ ഒട്ടേറെ ആളുകളും ഈ ജോലിയിൽ ഉണ്ടായിരുന്നു. അവർക്ക് മറെറന്തെങ്കിലും ജോലി കൊടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കാമെന്ന ബോദ്ധ്യത്തോടുകൂടിയാണോ ഈ അടിമവേല നിറു

LIBRARY ARCHIVES Kerala Legislative Assembly

ത്തുന്ന സമ്പ്രദായം ഏർപ്പെടുത്തിയത്. അങ്ങനെ ജോലി കൊടുത്തില്ലെങ്കിൽ ഇന്നു വീണ്ടും അടിമവേല ഇഷ്ടപ്പെടുന്ന അനവധി ആളുകളും ഈ രംഗത്തില്ലേ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതു സംബന്ധിച്ച് ഗവൺമെൻറ് വളരെ പരിശോധിച്ചതിനു ശേഷമാണ് നടപടി എടുത്തിട്ടുള്ളത്. നടപടികളുടെ വെളിച്ചത്തിൽ സാമ്പത്തിക സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിലുള്ള അവരുടെ ബുദ്ധിമുട്ടുകളും കണക്കിലെടുത്തുകൊണ്ട് ആവശ്യമായ ഏർപ്പാടുകളെല്ലാം ചെയ്തിട്ടുണ്ട്. അതു കിട്ടാത്ത സ്ഥലങ്ങളുണ്ടെങ്കിൽ വസ്തുതകളും ചൂണ്ടിക്കാണിച്ചാൽ ആവശ്യമായ നടപടികളും സ്വീകരിക്കാം.

ശ്രീ. ടി. കെ. അബ്ദു: അടിമവേല സമ്പ്രദായം നിരോധിച്ചതിനുശേഷം വീണ്ടും ഈ ആളുകളെക്കൊണ്ട് അടിമവേല ചെയ്യിച്ചതിൻെറ പേരിൽ ആരുടെയെങ്കിലും പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: അടിമവേല നിരോധന നിയമം പാസ്സാക്കിയിട്ടുണ്ടെങ്കിലും അതിനെ തുടർന്നുള്ള നടപടികളും ഗവൺമെൻറ് എടുത്തിട്ടില്ലെന്നുള്ളതു ഒരു വസ്തുതയല്ലേ? ഇങ്ങനെയുള്ളവരുടെ കണക്കെടുത്തിട്ടില്ലെന്നും അവർക്ക് ജോലി നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടില്ലെന്നും പറയുന്നത് ശരിയാണോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അടിമവേല സമ്പ്രദായം നിരോധിച്ചതിൻെറ ഫലമായി വേണ്ടത്ര മാറ്റങ്ങളും ഉണ്ടായിട്ടുണ്ട്. എന്തെങ്കിലും പരാതികളുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ ശക്തമായ നടപടികളും എടുക്കുന്നതാണ്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: അടിമവേല നിരുത്തൽചെയ്തതിൻെറ ഫലമായിട്ട് എത്ര ആളുകൾക്ക് ജോലി കിട്ടാതെ പോയിട്ടുണ്ടെന്നുള്ളതിൻെറ കണക്കെടുത്തിട്ടുണ്ടോ; കണക്കെടുത്തവർക്ക് ജോലി കിട്ടാനുള്ള സംവിധാനം എന്തൊക്കെ ചെയ്തിട്ടുണ്ട്?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതിനെ സംബന്ധിച്ചിടത്തോളം പദ്ധതികളുണ്ട്. ഈ മാതിരിയുള്ള സംഭവങ്ങളെ സംബന്ധിച്ചിടത്തോളം സ്ഥിതിവിവര കണക്കെടുക്കാൻ ട്രൈബൽ ഡിപ്പാർട്ടുമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അടിമവേല സമ്പ്രദായം നിലവിലുണ്ടോ എന്നാണ് ചോദ്യം. നിയമം പാസാക്കി അത് നിലവിലുണ്ടെന്നു പറയുന്നതുകൊണ്ടുമാത്രം അടിമവേല സമ്പ്രദായം ഇല്ലാതാകുന്നില്ല. ഏതായാലും നിശ്ചിത കാലയളവിലേക്ക് പണി കൊടുക്കാമെന്നുള്ള വ്യവസ്ഥയിൽ ക്ഷേത്രത്തിൽവച്ച് അടിമകളും ഉടമകളുടെ ജോലി എടുത്തുകൊള്ളാമെന്ന് കരാറിൽ ഏർപ്പെടുന്നതായിട്ടുള്ള വിവരങ്ങൾ പത്രത്തിൽ വരുന്നുണ്ട്. അതുപോലെ തന്നെ പുറമെനിന്ന് അന്വേഷിക്കാൻ വരുന്ന ആളുകളുടെ മുമ്പിൽ തെളിവു കൊടുക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതവസാനിപ്പിക്കാൻ എന്തു നടപടിയാണ് എടുത്തിട്ടുള്ളത്. നിയമം പാസാക്കിയതുകൊണ്ടു മാത്രം ഇത് അവസാനിക്കുകയില്ല.

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഇതു സംബന്ധിച്ച് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടിമവേല സമ്പ്രദായം ഇപ്പോഴും നടക്കുന്നുണ്ടെന്ന് വ്യക്തമായി തെളിയിച്ചാൽ അതിന് ഗവൺമെൻറ് നടപടികൾ എടുക്കും.

ശ്രീ. പി. ആർ. കുറുപ്പ്: വയനാട്ടിൽ വസ്തുക്കൾ വിൽക്കുമ്പോൾ വസ്തു ഉടമസ്ഥൻമാർ വസ്തുവിൽ ഉൾക്കൊള്ളുന്ന കുടിലുകളും കുടിലുകളിൽ താമസിക്കുന്ന ഇന്നയിന്ന ആളുകളും എന്നു പറഞ്ഞുകൊണ്ട് തീറാധാരം റജിസ്റ്റർ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം വസ്തുതകൾ ചൂണ്ടിക്കാണിച്ചാൽ കർശനമായ നടപടി എടുക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുത്തിയാൽ ആവശ്യമായ നടപടി എടുക്കാം.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: അടിമവേലയിൽ ഏർപ്പെട്ടിരുന്നു എന്ന് ഐഡൻറിഫൈ ചെയ്തിട്ടുള്ള ആളുകൾക്ക് ജോലി കൊടുക്കാനായിട്ട് 750 ഏക്കർ സ്ഥലം, ഫോറസ്റ്റ് ലാൻറ് ഏലം കൃഷി ചെയ്യാനുള്ള പണിക്കുവേണ്ടി എടുത്തിരുന്നു. അതിൻെറ വിശദാംശങ്ങൾ വിശദമാക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഇങ്ങനെ ഒരു പദ്ധതി നിലവിലുണ്ട്. അതു സംബന്ധിച്ച് ട്രൈബൽ ഡിപ്പാർട്ടുമെൻറ് വളരെ ഫലപ്രദമായ നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. അവിടെ ആദിവാസികളെ—ബോണ്ടഡ് ലേബറേഴ്സിനെ താമസിപ്പിച്ച് അവർക്ക് ജോലി കൊടുക്കുന്നുണ്ട്.

റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഉപദേശക സമിതി

*402 [426] ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള:

ശ്രീ. കെ. രാഘവൻ മാസ്റ്റർ:

ശ്രീ. വക്കം പുരുഷോത്തമൻ:

ശ്രീ. പി. ബാലൻ:

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി:

ശ്രീ. തെന്നല ബാലകൃഷ്ണപിള്ള:

ശ്രീ. പി. ആർ. കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഉപദേശക സമിതി രൂപീകരിച്ചതിൻെറ മാനദണ്ഡമെന്താണ്;

LIBRARY ARCHIVES Kerala Legislative Assembly